**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **29-01-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 15.08.2022-ലെ 186/2022/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സർക്കാരിന്റെ 15/08/2022-ലെ G.O.(Ms)No. 186/2022/LSGD. നമ്പർ ഉത്തരവ് പ്രകാരം "കൊച്ചിയിലെ സുസ്ഥിര നഗര പുനർ നിർമ്മാണ പദ്ധതി" സമയബന്ധിതമായി നടപ്പിലാക്കുവാനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനും കൊച്ചിയുടെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ച സ്പെഷ്യൽ ഏര്യ ആക്ഷൻ പ്ലാൻ തയ്യാറാക്കി ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒരു General Body യും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായും, ജില്ലാ കളക്ടർ കൺവീനറായും Project Implementation കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ രേഖപ്പെടുത്തുന്നു.<br><br>5/12/2022-ലെ G.O.(Ms)No. 266/2022/LSGD നം. സർക്കാർ ഉത്തരവ് പ്രകാരം KIIFCON-നെ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.<br><br>തുടർന്ന് 17.05.2023, 01.09.2023, 19.10.2023 എന്നീ തീയതികളിൽ Project Implementation കമ്മിറ്റി യോഗം ചേരുകയും ഇതുമായി ബന്ധപ്പെട്ട് KIIFCON സമർപ്പിച്ചിട്ടുള്ള Terms of Reference മേൽ ചർച്ച നടത്തുകയും, പരിഷ്കരിച്ച ToR |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | വൈപ്പിൻ കരയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ തരിശുഭൂമി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലോജിസ്റ്റിക് ആന്റ് ഇൻഡസ്ട്രിയൽ പാർക്കിനും മറ്റ് ടൂറിസം പദ്ധതികൾക്കും ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ